# ശിശുദിനത്തിലെ കാണാക്കാഴ്ചകൾ

വി. എച്ച്. ദിരാർ

**അങ്കം-1**

നവംബർ 14. ശിശുദിനം. തൃശൂർ നഗരത്തിലെ സ്വരാജ് റൗണ്ടിൽ കുട്ടികൾ പ്രവഹിക്കുന്നു. ബ്യൂഗിളിന്റെയും ഫ്ലോട്ടുകളുടെയും അകമ്പടിയോടെ ചിട്ടയായി നടന്നുപോകുന്ന നൂറുകണക്കിന് കുട്ടികൾ. നിറഭേദങ്ങളുടെ ആഹ്ലാദകരമായ കാഴ്ച. ലോകം അവരെ കൗതുകപൂർവം എത്തിനോക്കുന്നു. ലോകത്തിലേക്ക് അവരും കൗതുകത്തോടെ നോക്കുന്നു. പക്ഷേ, തൊട്ടപ്പുറത്ത്, മൈതാനത്ത് ആരുടെയും ശ്രദ്ധയാകർഷിക്കാതെ ഒരു പറ്റം കുട്ടികൾ നില്പുണ്ട്. എണ്ണമെഴുക്ക് കാണാത്ത തലയും പിന്നിപ്പോയ ഉടുപ്പുകളും ചെളിയും വിയർപ്പും പറ്റിപ്പിടിച്ച ശരീരവുമായി ഒരു അദൃശ്യഭാരതം. സ്വരാജ് റൗണ്ടിൽ നിറഞ്ഞൊഴുകുന്ന കുട്ടികളെ അവർ അന്തംവിട്ട് നോക്കിനില്ക്കുന്നു. അവർ സ്കൂളുകൾ സ്പർശിച്ചിട്ടില്ല. അക്ഷരലോകത്തിന്റെ പടി കടന്നിട്ടില്ല. അവർക്ക് മേൽക്കൂര ആകാശം. വെയിലും മഴയും മഞ്ഞും കളിക്കളം. ചിലപ്പോൾ നാണയത്തുട്ടുകൾക്കു കൈനീട്ടി നമ്മുടെ മുമ്പിൽ. പ്ലാസ്റ്റിക് കഷ്ണങ്ങളും കുപ്പികളും പെറുക്കി നഗരമാലിന്യങ്ങളിൽ. അല്ലെങ്കിൽ തീകാളുന്ന വയറുമായി കുപ്പത്തൊട്ടികളിൽ.



ഫോട്ടോ: രാജേഷ് മേനോൻ

ഈ കുട്ടികൾ എന്തുകൊണ്ട് ജീവിതത്തിന് വെളിയിലായിപ്പോയി. കുട്ടികൾ ജനിക്കുകയല്ല; സംഭവിക്കുകയാണ് എന്ന് വിശ്വസിക്കുന്ന ലോകത്തിൽ ഇവർക്ക് എന്തുകൊണ്ട് ബാല്യം കൈമോശംവന്നു. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ആന്റിനകൾ കണ്ണടയ്ക്കുംവിധം ഈ കുട്ടികൾ എന്തുകുറ്റമാണ് ലോകത്തോട് ചെയ്തത്. മതിയായ ഭക്ഷണവും വസ്ത്രവും കിടപ്പാടവും വിദ്യാഭ്യാസവും ഇവർക്കുംകൂടി അവകാശപ്പെട്ടതല്ലേ? അണിഞ്ഞൊരുങ്ങി, ഒരേ ചുവടുവച്ച് സ്വരാജ് റൗണ്ട് കവിഞ്ഞു നീങ്ങുന്ന കുട്ടികളുടെ കൂട്ടത്തിൽ സ്വപ്നങ്ങൾ വറ്റിപ്പോയ, ഓരങ്ങളിലേക്ക് തള്ളി നീക്കപ്പെട്ട ഈ കുട്ടികൾക്കുംകൂടി എന്നാണ് ഇടം ലഭിക്കുക?

കെട്ടുപോയ ബാല്യവുമായി ലക്ഷക്കണക്കിന് കുട്ടികൾ നിലവിളിക്കുന്ന നമ്മുടെ മഹാഭാരതത്തിൽ പതിവു തെറ്റാതെ ഇനിയും ശിശുദിനങ്ങൾ വരും. പ്രധാനമന്ത്രി മുതൽ പ്രാദേശിക നേതാവുവരെ ശിശുദിനത്തിന്റെ മാഹാത്മ്യം പ്രസംഗിച്ചുതകർക്കും.

ശേഷം 5-ാം പേജിൽ

# ശിശുദിനത്തിലെ കാണാക്കാഴ്ചകൾ....

ഒന്നാം പേജ് തുടർച്ച

പത്രങ്ങളും ദൂരദർശനങ്ങളും രോമഹർഷമുണ്ടാക്കുന്ന ചിത്രങ്ങളെ വെളിപ്പെടുത്തും. അപ്പോഴെല്ലാം നമ്മുടെ മനസ്സാക്ഷിക്കു നേരെ ലക്ഷക്കണക്കിന് കുട്ടികൾ വിരൽചൂണ്ടും; ശിവകാശിയിലെ തീപ്പെട്ടി കമ്പനികളിൽനിന്ന്, മൊറാദാബാദിലെ ഗ്ലാസ് ഫാക്ടറിയിൽനിന്ന്, തമിഴ്നാട്ടിലെയും കേരളത്തിലെയും ഇഷ്ടികച്ചൂളകളിൽനിന്ന്, ഹോട്ടലുകളിൽനിന്ന്, തെരുവുകളിൽനിന്ന്, ജീവിതത്തിന്റെ കെടുതികളിൽനിന്ന് സദാ വേദനിച്ചും കണ്ണീരൊലിപ്പിച്ചും നമുക്കുചുറ്റും പെരുകി പരക്കുന്ന അനാഥ ബാല്യങ്ങൾ.

അവളുടെ കുട്ടി വല്യ വാൻഗോഗാണെന്നാണ് വിചാരം. കൃഷ്ണവേണിയുടെ ഉള്ളിലിരിപ്പ്.

മത്സരം വാസ്തവത്തിൽ മാതാപിതാക്കൾ തമ്മിലാണ്. വരയ്ക്കുന്നത് കുട്ടികളല്ല; മാതാപിതാക്കളാണ്. അതിനിടയിൽ മൈക്കിൽ അനൗൺസ്മെന്റ്: 'ചില മാതാപിതാക്കൾ കുട്ടികളെ സഹായിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ചിത്രങ്ങൾ മാറ്റിവയ്ക്കേണ്ടിവരുമെന്ന് ഓർമിപ്പിക്കുന്നു'. പൂച്ച പാലു കുടിക്കുംപോലെ അടുത്തിരുന്ന് കുട്ടികളെ പരുവപ്പെടുത്തിയിരുന്ന മാതാപിതാക്കൾ...

...ത്തിൽ എപ്പോഴും മാതാപിതാക്കളുടെ ഒരു കണ്ണുവേണ്ടേ? ഉള്ളിലെ കിരുകിരുപ്പ് തണുക്കുന്നേയില്ല. അവർ നിർദ്ദേശങ്ങൾ കൂടുതൽ രഹസ്യമാക്കിക്കൊടുക്കാൻ തുടങ്ങി.

ചിത്രത്തിലേക്ക് ഒളികണ്ണിട്ട്, ചുണ്ടിന് മീതെ കൈവച്ച് ചിലർ മന്ത്രിക്കുകയാണ്. ചിലർ മൂന്നാമതൊരാളോടെന്നപോലെ പിറുപിറുക്കുകയാണ്. ചിലർ മരങ്ങളുടെ മറവിൽ അനുപ്രതിരാവി പഴ്യതുപോലെ തുടർന്നു. കുട്ടിക്കാലം മുതൽ പഠിച്ചെടുത്ത മുഴുവൻ സൂത്രവിദ്യകളും അവർ മൊത്ത